പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2394 — 19/03/2015 ൽ മറുപടിക്ക്

## ട്രോമാ കെയർ യൂണിറ്റ്

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ട്രോമാകെയറിൽ നിലവിലുള്ള എല്ലാ സംവിധാനങ്ങളും ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കുന്നുണ്ടോ എന്നും ഇതുകൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; ട്രോമാ കെയറിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന പരാതി പരിശോധിച്ച് അടിയന്തര പരിഹാരം ഉണ്ടാക്കുമോ; | (എ) | 08/07/2013 ലെ സ.ഉ.(എം.എസ്.)നം. 309/13/ആ.ക.വ. പ്രകാരം ചേർത്തല താലൂക്കാശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിലേയ്ക്ക് ജനറൽ സർജറി, ഓർത്തോ, അനസ്തേഷ്യാ എന്നീ വിഭാഗങ്ങളിലുള്ള ഓരോ ഡോക്ടർമാരുടേതടക്കം 14 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി വിഭാഗത്തിലെ ജീവനക്കാരുടെയും ചേർത്തല താലൂക്കാശുപത്രിയിൽ നിലവിലുള്ള മറ്റ് ഡോക്ടർമാരുടേയും ജീവനക്കാരുടെയും സേവനമുപയോഗിച്ച് കാഷ്വാലിറ്റി വിഭാഗത്തോട് ചേർന്ന് ട്രോമാകെയർ സൗകര്യം ഏർപ്പെടുത്തി ട്രോമാകെയർ സൗകര്യം ആവശ്യമുള്ള രോഗികൾക്ക് പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ന്യൂറോസർജൻ കാഷ്വാലിറ്റി മെഡിക്കലാഫീസർ എന്നീ തസ്തികകളുടെ അഭാവവും, എം.ആർ.ഐ. സ്കാനിംഗ് മെഷീൻ, സി.ടി.സ്കാൻ മറ്റ് ട്രോമാകെയർ ഉപകരണങ്ങൾ എന്നിവയുടെ അഭാവവും പൂർണ്ണതോതിൽ ട്രോമാകെയർ സംവിധാനം പ്രവർത്തിപ്പിക്കുന്നതിന് തടസ്സമാകുന്നുണ്ട്. |
| (ബി) | ഇതിനുവേണ്ടി ലഭിച്ച ഉപകരണങ്ങളും പരിശീലനം നേടിയ ഡോക്ടർമാരുമടക്കമുള്ള ജീവനക്കാരും ട്രോമാ കെയറിന്റെ പ്രവർത്തനത്തിന് എന്ത് സംഭാവനകളാണ് നൽകിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ട്രോമാകെയർ യൂണിറ്റിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രോമാകെയർ യൂണിറ്റിലേയ്ക്ക് അനുവദിച്ച ജീവനക്കാരുടെയും നിലവിലുള്ള മറ്റ് ജീവനക്കാരുടെയും സേവനം ഉപയോഗിച്ച് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള എല്ലാ സ്പെഷ്യാലിറ്റി വിഭാഗങ്ങളും പ്രവർത്തിപ്പിച്ചുവരുന്നു. |
| (സി) | ട്രോമാ കെയർ യൂണിറ്റ് ശരിയായ തരത്തിൽ പ്രവർത്തിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ട്രോമാകെയർ യൂണിറ്റ് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് ന്യൂറോസർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങളിൽ അധിക തസ്തികകളും എം.ആർ.ഐ. സ്കാനിംഗ് മെഷീൻ, സി.ടി.സ്കാൻ, മറ്റ് ട്രോമാകെയർ ഉപകരണങ്ങളും ആവശ്യമാണ്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ